7062
29/3/17

File No.FWLD-F1/441/2016-FWLD

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ കൊല്ലം പുനലൂർ ഡിവിഷനിൽ വാച്ചർ തസ്തികയിൽ 20 വർഷത്തിലേറെ തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. സോൺ. വി. രാജിനെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ.(കൈ)/14/2017/വനം** തിരുവനന്തപുരം,തീയതി, 23/03/2017

പരാമർശം:- 1. 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ്.

2. ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ 02.06.2015-ലെ ഇ6/9299/12നമ്പർ ഉത്തരവ്.

3. പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 13.08.2015-ലെ പിഇ1-3960/13 നമ്പർ കത്ത്.

4. ശ്രീ. സോൺ വി രാജ് 16.06.2016-ൽ ബഹു വനം വകുപ്പ് മന്ത്രിക്കു നൽകിയ നിവേദനം.

5. ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ 22.02.2017-ലെ ഇ6 /47233/15നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിനോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ 135 ജീവനക്കാരുടെ സേവനം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം രണ്ടിലെ ഉത്തരവ് മുഖേന ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവിൽ നിശ്ചയിച്ച നിർണ്ണായക തിയതിയായ 01/09/2013-ൽ ജീവനക്കാർ 20 വർഷം സേവനം പൂർത്തീകരിച്ചിരിക്കണമെന്നും, കൂടാതെ 18 വയസ്സിന് മുമ്പ് ഇവർ ജോലിയിൽ പ്രവേശിച്ചിരുന്നില്ലയെന്നും നിയമനാധികാരികൾ ഉറപ്പ് വരുത്തണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററിന്റെ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരുന്ന സ്ഥിരപ്പെടുത്തുവാൻ അർഹതയുള്ളവരുടെ ലിസ്റ്റിൽ രണ്ടാമത്തെ പേരുകാരനായിരുന്ന പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിൽ ദിവസവേതന വാച്ചറായ ശ്രീ. സോൺ. വി. രാജ് ടിയാന്റെ ജനനതീയതി 20/05/1976 ആയതിനാൽ ശ്രീ. സോൺ. വി. രാജിന് 19/05/1994 ൽ മാത്രമേ 18 വയസ്സ് പൂർത്തീയാകുകയുള്ളൂ. ആയതിനാൽ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013ൽ ടിയാൻ 20 വർഷത്തെ താൽക്കാലിക ജോലി പൂർത്തിയാക്കിയെന്ന് കണക്കാക്കുവാൻ കഴിയാത്തതിനാൽ

ടിയാന്റെ സേവനം സ്ഥിരപ്പെടുത്തുവാൻ നിർവ്വാഹമില്ലെന്ന് ശ്രീ. സോൺ. വി. രാജിന്റെ നിയമനാധികാരിയായ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാമർശം മൂന്നിലെ കത്ത് പ്രകാരം ടിയാനെ അറിയിച്ചു.

2. ഇതിനെതിരെ ബഹു വനം വകുപ്പ് മന്ത്രി സമക്ഷം, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013ൽ താൻ 25 വർഷത്തിലധികം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്ന വസ്തുതയും, 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ പ്രസ്തുത സർക്കാർ ഉത്തരവിൽ തന്റെ പേരും ഉൾപ്പെട്ടിരുന്നു എന്ന വസ്തുതയും പരിഗണിച്ച് തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം നാല് പ്രകാരം ശ്രീ. സോൺ. വി. രാജ് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. 01.09.2013-ൽ വനം വകുപ്പിൽ തുടർച്ചയായി 20 വർഷം താൽക്കാലിക സർവ്വീസുള്ള 135 ദിവസവേതനക്കാരെ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ടി ജീവനക്കാർ 18 വയസ്സിന് മുമ്പ് ജോലിയിൽ പ്രവേശിച്ചിരുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്ന നിബന്ധന ടി ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നും, എന്നാൽ സർക്കാർ ജോലി ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 18 വയസ്സാണ് എന്നതിനാലാണ് സ്ഥിരപ്പെടുത്തുന്ന ജീവനക്കാർ 18 വയസ്സിന് മുമ്പ് ജോലിയിൽ പ്രവേശിച്ചിരുന്നില്ല എന്ന് നിയമനാധികാരി ഉറപ്പുവരുത്തണമെന്ന നിബന്ധന വച്ചതെന്നും, നിർണ്ണായക തീയതിയായ 01/09/2013 ൽ ശ്രീ. സോൺ വി രാജ് 20 വർഷം സേവനം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടിയാന്റെ കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കാവുന്നതാണെന്നും പരാമർശം അഞ്ച് പ്രകാരം ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർണായക തീയതിയായ 01.09.2013-ൽ ജീവനക്കാർ തുടർച്ചയായി 20 വർഷം സേവനം അനുഷ്ഠിച്ചിരിക്കണമെന്നും, 56 വയസ്സ് തികയാൻ പാടില്ല എന്നുമുള്ള നിബന്ധനയിലാണ് പരാമർശം ഒന്ന് പ്രകാരം താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ശ്രീ. സോൺ വി രാജിന് നിർണായക തീയതിയായ 01.09.2013-ൽ 20 വർഷത്തിലധികം താത്കാലിക സേവനമുള്ളതും, 56 വയസ്സ് തികഞ്ഞിട്ടില്ലാത്തതുമാണ്. ആയതിനാൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരം സ്ഥിരപ്പെടുത്തുന്നതിന് ശ്രീ. സോൺ വി രാജ് അർഹനാണ്.

5. മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ കൊല്ലം ജില്ലയിൽ പുനലൂർ ഡിവിഷനിൽ വാച്ചർ തസ്തികയിൽ 20 വർഷത്തിലേറെ തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. സോൺ. വി. രാജിനെ ടി തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു. വനം വകുപ്പ് മുഖ്യവനപാലകർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായാണ്.

- ശ്രീ. സോൺ. വി. രാജിനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

File No.FWLD-F1/441/2016-FWLD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.മാര പാണ്ഡ്യൻ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Agri-A2/148/2016/Fin dated 22/03/2017)
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 810, തീയതി 15.03.2017).
വെബ് & ന്യൂ മീഡിയ.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്

വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വനം വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേർസണൽ അസ്സിസ്റ്റന്റിന്

Signature valid

Digitally signed by SAJEEVAN M K
Date: 2017.03.27 17:25:24 IST
Reason: Approved

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 669676/F1/16/F&WLD |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്ക്കാലികവാച്ചറായി ജോലി നോക്കുന്ന ശ്രീ. സോൺ. വി. രാജിന് സ്ഥിരനിയമനം നല്കണമെന്ന ആവശ്യം സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23-11-2016 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജി. അനിൽ കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പി. മാരപാണ്ഡ്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/03/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.നളിനി നെറ്റോ (അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും -ഇൻ ചാർജ്ജ് ഓഫ് ചീഫ് സെക്രട്ടറി) |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06/03/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 07/03/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/03/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 15-03-17 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | [illegible] 2(ഓ)/14/2017/വനം<br>23-3-17 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്ക്കാലികവാച്ചറായി ജോലി നോക്കുന്ന ശ്രീ. സോൺ. വി. രാജിന് സ്ഥിരനിയമനം നല്കണമെന്ന ആവശ്യമാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിനോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ 135 ജീവനക്കാരുടെ സേവനം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 02/06/2015 ലെ ഇ 6-9299/2012 നമ്പർ ഉത്തരവ് മുഖേന ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവിൽ നിശ്ചയിച്ച നിർണ്ണായക തിയതിയായ 01/09/2013-ൽ ജീവനക്കാർ 20 വർഷം സേവനം പൂർത്തീകരിച്ചിരിക്കണമെന്നും, കൂടാതെ 18 വയസ്സിന് മുമ്പ് ഇവർ ജോലിയിൽ പ്രവേശിച്ചിരുന്നില്ലയെന്നും നിയമനാധികാരികൾ ഉറപ്പു വരുത്തണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററിന്റെ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു.

3. 14/05/2015 ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരുന്ന സ്ഥിരപ്പെടുത്തുവാൻ അർഹതയുള്ളവരുടെ ലിസ്റ്റിൽ രണ്ടാമത്തെ പേരുകാരനായിരുന്ന പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിൽ ദിവസവേതന വാച്ചറായ ശ്രീ. സോൺ. വി. രാജിന്റെ ജനനതീയതി 20/05/1976 ആണ്. സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ 20 വർഷം

പൂർത്തിയാക്കിയതും എന്നാൽ 18 വയസ്സിന് മുമ്പ് വനം വകുപ്പിൽ താൽക്കാലിക ജോലിക്ക് നിയോഗിച്ചിട്ടില്ലാത്തതുമായ ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചത്. 20/05/1976 ൽ ജനിച്ച ശ്രീ. സോൺ. വി. രാജ് 19/05/1994 ൽ മാത്രമേ 18 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിനാൽ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ ടിയാൻ 20 വർഷത്തെ താൽക്കാലിക ജോലി പൂർത്തിയാക്കിയെന്ന് കണക്കാക്കുവാൻ ചട്ട പ്രകാരം കഴിയുകയില്ല. അതിനാൽ ടിയാന്റെ സേവനം സ്ഥിരപ്പെടുത്തുവാൻ നിർവ്വാഹമില്ലെന്ന് ശ്രീ. സോൺ. വി. രാജിന്റെ നിയമനാധികാരിയായ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 13/08/2015 ലെ പി.ഇ-1-3960/13 നമ്പർ കത്ത് പ്രകാരം ടിയാനെ അറിയിച്ചു. ഇതിനെതിരെ ശ്രീ. സോൺ. വി. രാജ് സർക്കാരിൽ അപേക്ഷ നൽകിയെങ്കിലും, എല്ലാ നിയമവശവും പരിശോധിച്ച് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി കണ്ട് 27/10/2015-ലും, 15/02/2016 ലും ടി അപേക്ഷകൾ നിരസിച്ചിട്ടുള്ളതാണ്. ടി ഉത്തരവുകൾ പുനഃപരിശോധിക്കണമെന്നാണ്ശ്രീ. സോൺ. വി. രാജിന്റെ ആവശ്യം.

4. മേൽ സാഹചര്യത്തിൽ ശ്രീ.സോൺ. വി. രാജിന്റെ അപേക്ഷ നിരസിക്കാമോ എന്ന കാര്യത്തിൽ ഉത്തരവിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ ഫയൽ സമർപ്പിച്ചപ്പോൾ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് തിയതിയായ 14/05/2015 ന് ശ്രീ.സോൺ. വി. രാജിന് 20 വർഷത്തിലധികം സേവനമുള്ളതിനാൽ മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാനെ സ്ഥിരപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിരുന്നു.

5. ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ പറയും പ്രകാരമാണ്.

"Appeal (Civil) 3595-3612 of 1999-State of Karnataka V/s Umadevi എന്ന കേസിൽ 10/04/2006 ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ റഗുലറൈസ് ചെയ്യാനുള്ള നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നു ഭരണവകുപ്പിനെ അറിയിക്കുന്നു".

6. 14/05/2015 തിയതിയിലെ സർക്കാർ ഉത്തരവിലെ നിർണ്ണായക തിയതിയായ 01/09/2013 ൽ 20 വർഷം സേവനം പൂർത്തിയാക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ ഇളവനുവദിച്ച്, ഉത്തരവ് തിയതിയായ 14/05/2015 ൽ 20 വർഷം സേവനം പൂർത്തിയാക്കിയ ശ്രീ.സോൺ. വി. രാജിന് സ്ഥിരനിയമനം നല്കുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുള്ളത്. ഇത്തരത്തിൽ ഇളവനുവദിച്ചാൽ ടി സർക്കാർ ഉത്തരവ് തിയതിയായ 14/05/2015 ലും പിന്നീട് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ GO (MS) 110/15/വനം നമ്പർ ഉത്തരവ് തിയതിയായ 28/12/2015 ലും തുടർച്ചയായി 20 വർഷം പൂർത്തിയാക്കിയ മറ്റ് പലരും സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിരവധി അപേക്ഷകളും പരിഗണിക്കേണ്ടി വരും. ഇത് സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യതക്ക് കാരണമാവുകയും ചെയ്യും.കൂടാതെ ശ്രീ.സോൺ. വി. രാജിന്റെ കാര്യത്തിൽ cut off date തിയതിയിൽ ഇളവനുവദിക്കുകയും ഇതേ ആവശ്യം ഉന്നയിച്ചിട്ടുള്ള മറ്റുള്ളവർക്ക് ഇത് നിഷേധിക്കുകയും ചെയ്താൽ ആയത് കോടതി വ്യവഹാരങ്ങളിലേക്ക് സർക്കാരിനെ വലിച്ചിഴക്കാൻ ഇടയാക്കുന്നതുമാണ്.

7. കൂടാതെ വനം വകുപ്പിൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ 14/05/2015, 28/12/2015 തിയതികളിലെ യഥാക്രമം സ.ഉ (എം.എസ്) നമ്പർ 29/2015/വനം, സ.ഉ (എം.എസ്) നമ്പർ 110/2015/വനം ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയതിൽ വിട്ട് പോയ പതിനൊന്ന്

പേരെ കൂടി സൂപ്പർ ന്യൂമററി വാച്ചർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയലിൽ താൽക്കാലിക ജീവനക്കാരെ യാതൊരു കാരണവശാലും സർവ്വീസിൽ റഗുലറൈസ് ചെയ്യരുതെന്നും കൂടാതെ ഈ വകുപ്പ് മുമ്പ് സ്ഥിരപ്പെടുത്തിയ 234 താൽക്കാലിക ജീവനക്കാരുടെ നിയമനം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ State of Karnataka V/s Umadevi & Others എന്ന കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതാണെന്നും ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതേ അഭിപ്രായമാണ് നിയമവകുപ്പും അറിയിച്ചിട്ടുള്ളത്.

8. Appeal (Civil) 3595-3612 of 1999-State of Karnataka V/s Umadevi എന്ന കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 10/04/2006 ലെ വിധിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ 10 വർഷത്തിലധികമായി താത്ക്കാലിക സേവനമനുഷ്ഠിക്കുന്നവരെ ഒറ്റത്തവണ പരിഹാരമെന്ന നിലയിൽ (as a one time measure) 6 മാസത്തിനുള്ളിൽ സ്ഥിരപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഇടയ്ക്കിടെ താൽക്കാലിക നിയമനം നടത്തുകയും പിന്നീട് സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്നും വിധി ന്യായത്തിൽ നിർദ്ദേശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ച ആറു മാസ കാലാവധി 09/10/2006 ൽ അവസാനിച്ചു. ആയതിനാൽ 10/10/2006-നു ശേഷമുള്ള ഇത്തരത്തിലുള്ള സ്ഥിര നിയമനങ്ങൾ കോടതിയലക്ഷ്യത്തിലേക്ക് നയിച്ചേക്കാം.

9. വനം വകുപ്പിൽ 14/05/2015 ലേയും 28/12/2015 ലേയും ഉത്തരവുകൾ മുഖേന സ്ഥിരപ്പെടുത്തിയവരുടെ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുണ്ടായിരുന്നിട്ടും ഉൾപ്പെടാതെ പോയതും, ഉത്തരവ് തീയതിയിൽ 10 മുതൽ 20 വർഷത്തിലധികം സേവനം പൂർത്തിയാക്കിയതുമായ നിരവധി താത്ക്കാലിക ജീവനക്കാർ തങ്ങളേയും സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണലിനെ സമീപിച്ചിട്ടുണ്ട്. ഇതിൽ പല കേസുകളും സർക്കാരിനോട് ഉചിതമായ തീരുമാനമെടുക്കുവാൻ നിർദ്ദേശം നൽകി ട്രിബ്യൂണൽ തീർപ്പാക്കിയിട്ടുള്ളതും, State of Karnataka V/s Umadevi കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇവരുടെ ആവശ്യം നിരസിച്ചിട്ടുള്ളതുമാണ്. ഇപ്പോഴും ഇത്തരത്തിലുള്ള നിരവധി കേസുകൾ ട്രിബ്യൂണലിൽ നിലനിൽക്കുന്നുമുണ്ട്. ആയതിനാൽ ശ്രീ.സോൺ. വി. രാജിന്റെ കാര്യത്തിൽ സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചാൽ മറ്റനവധി കേസുകളിലും അനുകൂല നിലപാടെടുക്കുവാൻ സർക്കാർ നിർബന്ധിതമാകും. ഇത് സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത വരുത്തി വയ്ക്കുകയും ചെയ്യും.

10. ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ 14/05/2015 ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവിൽ സ്ഥിരപ്പെടുത്തുന്ന ജീവനക്കാർ 18 വയസ്സിന് മുമ്പ് ജോലിയിൽ പ്രവേശിച്ചിരുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല എന്ന വസ്തുത കൂടി പരിശോധിച്ച് ഫയൽ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ ഭരണവിഭാഗം ഉപമുഖ്യ വനപാലകനോട് ആവശ്യപ്പെട്ടിരുന്നു. സർക്കാർ ജോലി ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 18 വയസ്സാണ് എന്നതിനാലാണ് സ്ഥിരപ്പെടുത്തുന്ന ജീവനക്കാർ 18 വയസ്സിന് മുമ്പ് ജോലിയിൽ പ്രവേശിച്ചിരുന്നില്ല എന്ന് നിയമനാധികാരി ഉറപ്പുവരുത്തണമെന്ന നിബന്ധന വച്ചതെന്നും, നിർണ്ണായക തീയതിയായ 01/09/2013 ൽ ശ്രീ. സോൺ വി രാജ് 20 വർഷം സേവനം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടിയാന്റെ കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കാവുന്നതാണെന്നും

ഉപമുഖ്യ വനപാലകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

14/05/2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ ശ്രീ.സോൺ. വി. രാജ് 20 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്ന വസ്തുതയും, 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ പ്രസ്തുത സർക്കാർ ഉത്തരവിൽ ടിയാന്റെ പേരും ഉൾപ്പെട്ടിരുന്നു എന്ന വസ്തുതയും പരിഗണിച്ച് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ടിയാനെ വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകാമോ?

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 15-03-2017.

ഫയൽ നം.669676/എഫ്1/2016/F&WLD

ഇനം നം: 810

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്ക്കാലിക വാച്ചറായി ജോലി നോക്കുന്ന ശ്രീ. സോൺ വി. രാജിന് സ്ഥിരനിയമനം നല്കണമെന്ന ആവശ്യം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.